"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 27-10-2021

**സർക്കുലർ നം 60**

ജയിൽ അന്തേവാസികളുടെ ഭക്ഷണ ക്രമത്തിൽ മാറ്റം വരുത്തികൊണ്ടുള്ള 04/08/2021 ലെ സ.ഉ (കൈ) നം.141/2021/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കടുക്, ജീരകം, ഉലുവ എന്നിവ നിലവിൽ അനുവദിച്ചിട്ടുള്ള അളവിനേക്കാൾ 100 മില്ലിഗ്രാം അധികമായി അനുവദിച്ചിരുന്നു. പരിഷ്ക്കരിക്കുന്നതിനു മുൻപുള്ള അളവ് ഉലുവ 44 മില്ലിഗ്രാം, കടുക് 260 മില്ലിഗ്രാം, ജീരകം170 മില്ലിഗ്രാം എന്ന തോതിലായിരുന്നു.എന്നാൽ പ്രസ്തുത അളവ് 2014 ലെ കേരളാ പ്രിസൺ റൂളിൽ അനുബന്ധം 4 (ചട്ടം766) ലെ (3) 'സാധാരണ ഭക്ഷണത്തിന്റെ പ്രതിദിന അളവുകൾ' എന്നതിൽ പരാമർശിക്കുന്നുണ്ട് എങ്കിലും അനുബന്ധം 4 (ചട്ടം 766) ലെ (1) 'സാധാരണ ഭക്ഷണത്തിന്റെ ഇനങ്ങൾ (2) 'ഭക്ഷണ ഇനത്തിന്റെ ചേരുവകളുടെ അളവും, എന്നതിൽ പരാമർശിക്കുന്ന അളവുംതമ്മിൽ പൊരുത്തക്കേട് ഉള്ളതിനാൽ അനുബന്ധം4 (ചട്ടം 766 ) (1), (2) എന്നിവ അവലംബിച്ചുള്ള ഡയറ്റ് റോൾ നടപ്പിൽ വരുത്താൻ ഈ ഓഫീസിൽ നിന്നുള്ള 24-07-2014, 31-07-2014 തീയതിയിലെ സർലക്കുലർ നം. 35/2014 (Revised) എന്നീ സർക്കുലറുകൾ പ്രകാരം നിർദേശം നൽകിയിരുന്നു.അതനുസരിച്ചാണ് നിലവിൽ ജയിലുകളിൽ ഡയറ്റ് അളവുകൾ രേഖപ്പെടുത്തി വന്നിരുന്നത്.

മേൽ സാഹചര്യത്തിൽ 100 മില്ലിഗ്രാം വീതം അധികമായി അനുവദിച്ചിട്ടുള്ള കടുക്, ജീരകം, ഉലുവ എന്നവ പ്രിസൺ റൂൾ അനുബന്ധം 4 ചട്ടം 766 (1) (2) അവലംബിച്ചുകൊണ്ട് ക്രമപ്പെടുത്തിയ പട്ടിക **അനുബന്ധം** ആയി ചേർക്കുന്നു. ടി പട്ടികയിൽ കടുക്, ഉലുവ, ജീരകം എന്നിവയുടെ പരിഷ്ക്കരണത്തിന് മുൻപുള്ള ദിനംപ്രതിയുള്ള അളവും പരിഷ്ക്കരിച്ചതിനു ശേഷമുള്ള ദിനംപ്രതി അളവും ഓരോ വിഭവത്തിനും ആവശ്യമുള്ളത് കാണിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ചത് ഹൈലൈറ്റ് ചെയ്തിട്ടുണ്ട്. അധികമായി അനുവദിച്ച 100 മില്ലിഗ്രാം കടുക്, ഉലുവ, ജീരകം എന്നിവ , ഭക്ഷണ വിഭവങ്ങളുടെ വൈവിധ്യം നിമിത്തം എല്ലാ ദിവസവും കൃത്യമായി വീതിക്കാൻ കഴിയാത്തതിനാൽ ചില ദിവസങ്ങളിൽ ചെറിയ രീതിയിലുള്ള കുറവ് വരുന്നുണ്ട്. ഇപ്രകാരം നിലവിലുള്ള ഡയറ്റ് സോഫ്റ്റ് വെയറിൽ കടുക്, ഉലുവ, ജീരകം എന്നിവയുടെ അളവിൽ മാറ്റം വരുത്തേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്

WP1-19184/2020/PrHQ 29f694

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് : ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്,
ദക്ഷിണമേഖല/മദ്ധ്യ മേഖല/ ഉത്തരമേഖല
TC1/TC2
ചീഫ് ആഡിറ്റ് ഓഫീസർ,ജയിലാസ്ഥാനകാര്യാലയം
സ്റ്റോക്ക് വെരിഫയർ,ജയിലാസ്ഥാനകാര്യാലയം